## അപേക്ഷയിലുള്ള ന്യൂനതകൾ പരിഹരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ

അപേക്ഷാർഥികൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം **പ്രാഥമിക പരിശോധന കഴിഞ്ഞ** ആപ്ലിക്കേഷനുകളുടെ status ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിൽ യോഗ്യത നിർണയിക്കുന്ന രേഖകളിൽ വീഴ്ച വരുത്തിയവ താൽകാലികമായി **REJECT** ചെയ്യുകയും മറ്റു അവകാശങ്ങൾക്ക് അനുബന്ധമായി രേഖകൾ സമർപ്പിക്കാത്തവരുടെയും രേഖകൾ സാധുവല്ലാത്തതുമായ claim നിരസിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഏതൊക്കെ രേഖകൾ ഇല്ല/അസാധുവാണ്/വ്യക്തമല്ല എന്നുള്ളവ നിങ്ങൾക്ക് status ൽ കാണാൻ സാധിക്കും. അവ നിങ്ങൾക്ക് വീണ്ടും അപ്ലോഡ് ചെയ്യുവാനും കഴിയും. പുതിയ ക്ലെയിം നൽകുവാൻ സാധിക്കുകയില്ല. **ആവശ്യപ്പെടുന്ന രേഖകൾ അപ്ലോഡ് ചെയ്തു കഴിഞ്ഞാൽ അവയുടെ പരിശോധന നടത്തിയതിനു ശേഷം status ൽ മാറ്റം വരുത്തുന്നതാണ്.**

നിങ്ങൾ അപ്ലോഡ് ചെയ്തിട്ടുള്ളതും ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ വിവരങ്ങളുടെ പൂർണ ഉത്തരവാദിത്വം അപേക്ഷാർഥികൾക്കാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ട്, അഡ്മിഷൻ ലഭിച്ചാലും അത് ഏതു ഘട്ടത്തിൽ കണ്ടുപിടിച്ചാലും അഡ്മിഷൻ cancel ആയി പോകുന്നതാണ്. **പ്രസിദ്ധീകരിച്ചിരിക്കുന്നതിൽ തെറ്റായ വിവരങ്ങൾ കാണപ്പെട്ടാൽ Remarks column ത്തിൽ ഇത് രേഖപെടുത്തുകയോ നിങ്ങളുടെ അടുത്തുള്ള** LBS Centre**ൽ രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്.**പുതിയ ക്ലെയിമുകൾ (അവകാശവാദങ്ങൾ) നൽകുവാൻ സാധിക്കുകയില്ല. **പുനർപരിശോധനയിൽ REJECT/ACCEPT STATUS ന് മാറ്റം വരാവുന്നതാണ്. Claim നൽകിയതിൽ തെറ്റുണ്ടെന്ന് പുനർ പരിശോധനയിൽ കണ്ടെത്തിയാൽ അവ നിരസിക്കുന്നതാണ്.**

### PROVISIONALLY REJECT ചെയ്യാനുണ്ടായ കാരണങ്ങൾ

1. **Nativity തെളിയിക്കാൻ സാധിക്കാത്തതുകൊണ്ട്.**

- Keralite എന്ന് കാണിക്കുകയും അതിനുള്ള രേഖ അപ്ലോഡ് ചെയ്യാതിരിക്കുകയും ചെയ്താൽ reject ചെയ്യുന്നതാണ്.

  Nativity - Keralite ആണെങ്കിൽ മാത്രമേ reservation , fee concession തുടങ്ങിയ ആനുകൂല്യങ്ങൾ കിട്ടുകയുള്ളൂ. അതിനായി സമർപ്പിക്കേണ്ട രേഖകൾ താഴെ പറയുന്നവയാണ്.

  - Nativity ക്കു വേണ്ടി place of birth കേരളത്തിൽ ആണെന്ന് കാണിക്കുന്ന ആധികാരികമായ ഒരു രേഖ - SSLC/Birth Certificate/വില്ലജ് ഓഫീസർ നൽകിയ Nativity സർട്ടിഫിക്കറ്റ് എന്നിവയിലൊന്ന് അപ്ലോഡ് ചെയ്യാം. അപേക്ഷാർത്ഥി കേരളത്തിൽ ജനിച്ചതല്ലെങ്കിൽ കുട്ടിയുടെ അച്ഛൻ/അമ്മ ഇവരിൽ ഒരാളുടെ Place of Birth കേരളത്തിലെ സ്ഥലം കാണിക്കുന്ന സർട്ടിഫിക്കറ്റ് (eg: SSLC, passport, nativity) ആയാലും മതി. ഇതിsâ കൂടെ കുട്ടിയുടെ Birth Certificate കൂടി അപ്ലോഡ് ചെയ്യണം. കാരണം കുട്ടിമായുള്ള relation കാണിക്കുന്ന രേഖ വേണം.

- Non Keralite എന്ന് കാണിക്കുകയും അതിനുള്ള രേഖ അപ്ലോഡ് ചെയ്യാതിരിക്കുകയും ചെയ്താൽ reject ചെയ്യുന്നതാണ്.

  Non Keralite എന്നത് കേരളീയരല്ലാത്ത രക്ഷിതാക്കളുടെ കുട്ടി വിദ്യാഭ്യാസ യോഗ്യത കേരളത്തിൽ നേടിയിരിക്കുകയും അച്ഛനോ അമ്മയോ രണ്ടു വർഷത്തിൽ കുറയാതെ കേരള സർക്കാരിൽ ജോലി നോക്കിയവരോ, നോക്കുന്നവരോ അല്ലെങ്കിൽ Govt of India/Defense service posted in Kerala. ഇവയിലേതെങ്കിലും ജോലി നോക്കുന്നവരോ അല്ലെങ്കിൽ അപേക്ഷാർത്ഥി 12 വർഷത്തെ പഠന കാലയളവിൽ 5 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസിച്ചിരുന്നവരോ അല്ലെങ്കിൽ അപേക്ഷാർത്ഥി ക്ലാസ്സ് 8 മുതൽ ക്ലാസ്സ് 12 വരെ കേരളത്തിൽ പഠിച്ചവരോ ആയിരിക്കണം. ഇത് സ്ഥാപിക്കുന്നതിനായി പ്രോസ്പെക്ട്സ്

Annexure IV(b) ൽ പറഞ്ഞിരിക്കുന്ന format ലുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യണം. **ഈ വിഭാഗക്കാർക്ക് റിസർവേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല**. ഇത് പ്രോസ്പെക്ട്സ് പ്രകാരം Non-Keralite I എന്ന വിഭാഗത്തിൽ ഉള്ളവരാണ്. ഇവരെ state merit സീറ്റിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ

- Non-Keralite II (Others) എന്നത് Keralite, Non-keralite-I വിഭാഗത്തിൽപ്പെടാത്തവർ ആണ്. ഈ വിഭാഗത്തിൽപെട്ടവരുടെ അപേക്ഷ 10% management quota യിലേക്ക് മാത്രമെ പരിഗണിക്കുകയുള്ളൂ. ICCONS, NISH, NIPMER എന്നീ സ്ഥാപനങ്ങളിലേക്കുള്ള Management സീറ്റിലേക്ക് മാത്രമെ LBS Centre അലോട്ട്മെന്റ് നടത്തുന്നുള്ളു.

2. **Date of Birth തെളിയിക്കാൻ സാധിക്കാത്തതുകൊണ്ട്.**

   Birth certificate/School certificate/Passport ഇവയിലേതെങ്കിലും ഒന്ന് അപ്‌ലോഡ് ചെയ്യാം. Aadhaar/driving license എന്നിവ സ്വീകരിക്കുന്നതല്ല.

3. **SC/ST വിഭാഗക്കാർ സാധുതയുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (Community Certificate കാലാവധി 3 വർഷം) അപ്‌ലോഡ് ചെയ്യാത്തതുകൊണ്ട്.**

4. **Hall Ticket/Marklist അപ്‌ലോഡ് ചെയ്യാത്തതുകൊണ്ട്.**

   - Marklist not clear/not valid/netcopy of marklist not self attested എന്നീ remarks ഉള്ളവർ Mark List(original) അപ്‌ലോഡ് ചെയ്യണം.
   - ചില വിഷയങ്ങൾ 2021 ൽ പാസ്സാവുകയും മറ്റുള്ളവ മുൻ വർഷങ്ങളിൽ പാസ്സ് ആവുകയും ചെയ്തിട്ടുണ്ടെങ്കിൽ എല്ലാ mark list കളും combine ചെയ്ത് ഒരു ഫയൽ ആക്കി അപ്‌ലോഡ് ചെയ്യുക.
   - CBSE/ISC/OPEN School/Other State Boards പഠിച്ചവരും Mark List ആണ് അപ്‌ലോഡ് ചെയ്യേണ്ടത്. Pass certificate/hall ticket അപ്‌ലോഡ് ചെയ്യുന്നവ സ്വീകരിക്കുകയില്ല.
   - അപ്‌ലോഡ് ചെയ്യുന്ന document complete ആയിരിക്കണം. അതിൽ വ്യക്തമായി ബോർഡിടâ പേരും, വർഷവും ഉണ്ടായിരിക്കണം.
   - Grade മാത്രം കാണിച്ചിട്ടുള്ള മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്തവർ **Grade to percentage conversion** കാണിക്കുന്ന പേജും അപ്‌ലോഡ് ചെയ്യണം.

**മേൽ പറഞ്ഞരീതിയിൽ അല്ലാത്തവ നിരസിക്കപെടുന്നതാണ്.**

**മാർക്ക് ലിസ്റ്റിലുള്ള മാർക്ക് തന്നെയാണോ പബ്ലിഷ് ചെയ്തതിൽ ഉള്ളതെന്ന് പരിശോധിക്കേണ്ടതാണ്. തെറ്റുണ്ടെങ്കിൽ നിങ്ങളുടെ അടുത്തുള്ള LBS Centreൽ രേഖാമൂലം അറിയിക്കണം. ഇല്ലെങ്കിൽ അലോട്ട്മെന്റ് കിട്ടിയാലും നഷ്ടപ്പെടാം.**

## Claim (അവകാശ വാദങ്ങൾ) നിരസിക്കുവാനുണ്ടായ കാരണങ്ങൾ

1. **Minority claim** നിരസിച്ചത് - കമ്മ്യൂണിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് **(NCLC/Community certificate) അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.**

2. **Communal Reservation** നിരസിച്ചത് –**SEBC** വിഭാഗക്കാർ **Non creamy Layer certificate** ഉം **SC/ST** വിഭാഗക്കാർ **Community certificate**ഉം അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.

   ***State Education Purpose നായുള്ള Non creamy Layer certificate മാത്രമേ സ്വീകരിക്കുകയുള്ളൂ.***

3. **EWS നിരസിച്ചത്** – Income and Asset statement ൽ income 4 **ലക്ഷത്തിന് മുകളിൽ ആണെങ്കിൽ പരിഗണിക്കില്ല.** Income and Asset **അല്ലെങ്കിൽ** AAY **സർട്ടിഫിക്കറ്റ് മാത്രമേ** EWS quota **ക്ക് പരിഗണിക്കുകയുള്ളൂ.**

4. **Fee concession** നിരസിച്ചത്–
   - Annexure III(c) യിൽ ലിസ്റ്റ് ചെയ്തിട്ടുള്ള **OEC** വിഭാഗക്കാർ **Community certificate/Non creamy Layer certificate** അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.

   - Annexure III(d) ലിസ്റ്റ് ചെയ്തിട്ടുള്ള വിഭാഗക്കാർ **Community certificate/ Non creamy Layer certificate** ഉം കൂടാതെ 6 ലക്ഷം വരെയുള്ള **income certificate** ഉം അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.

   - **Children of Fishermen -** മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫിഷറീസ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ. **Identity Card, Pass Book** എന്നിവ **സ്വീകാര്യമല്ല.**

5. **Special Reservation –**
   - **Ex-Service, Defence, Paramilitary (XS,DK,PP,SD)** -എന്നീ വിഭാഗങ്ങളിലെ ക്വാട്ട ആവശ്യമുള്ളവർ Annexure V(a)/V(b) പ്രകാരം ഉള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.

**<u>മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകളിലെ കാലാവധി കഴിഞ്ഞാൽ (Income, Non Creamy Layer certificates – 1 year, Community – 3 yrs), പേരിൽ വ്യത്യാസം വന്നാൽ, clear അല്ല എന്നീ കാരണങ്ങളാൽ പരിഗണിക്കുകയില്ല. സർട്ടിഫിക്കറ്റുകൾ ഭാഗികമായി മാത്രം അപ്‌ലോഡ് ചെയ്യുന്നത് സ്വീകാര്യമല്ല . എല്ലാ പേജുകളും ഉണ്ടായിരിക്കണം.</u>**

**രേഖകൾ അപ്‌ലോഡ് ചെയ്തശേഷം SUBMIT ചെയ്യുന്നതിന് മുൻപായി അവ വ്യക്തമാണെന്ന് സ്ക്രീനിൽ നോക്കി ഉറപ്പു വരുത്തേണ്ടതാണ്.**

**SC/ST വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ KIRTADSS â പരിശോധനയിൽ ആയതിനാൽ അവരുടെ Accepted status ന് മാറ്റമുണ്ടാകാൻ സാധ്യതയുണ്ട്.**

**അപേക്ഷാർഥികളുടെ വ്യക്തിഗത, അക്കാഡമിക് വിവരങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് പരിശോധിച്ച് അനുബന്ധ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യേണ്ടത് അപേക്ഷാർഥികളുടെ പൂർണ ഉത്തരവാദിത്തമാണ്. അത് ചെയ്യാത്തതുമൂലമുണ്ടാകുന്ന അനന്തരഫലങ്ങൾക്കു അപേക്ഷാർഥികളായിരിക്കും ഉത്തരവാദി.**

**അപ്‌ലോഡ് ചെയ്യുവാനുള്ള അവസാന തീയതി 15.10.2021 5pm**